ഉത്തരവായിട്ടുണ്ട്. തുടർന്ന് സ.ഉ.(എംഎസ്.)നമ്പർ 254/2014/കൃഷി. തീയതി, 6-11-2014 പ്രകാരം റബ്ബർ കരഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി RSS-4, RSS-5 ഗ്രേഡിലുള്ള റബ്ബർ സംഭരണത്തിന് ഉത്തരവായിട്ടുണ്ട്.

സംഭരണ ഏജൻസികൾക്കുള്ള പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് റബ്ബർ സംഭരണം അടിയന്തരമായി പുനരാരംഭിക്കുന്നതിനായി സ.ഉ.(എംഎസ്.) നമ്പർ 176/2014/കൃഷി. തീയതി, 16-8-2014 പ്രകാരം 10 കോടി രൂപ 'വില സ്ഥിരതയ്ക്കു വേണ്ടി വിപണി ഇടപെടൽ പദ്ധതി' പ്രകാരം അധികമായി അനുവദിച്ചുകൊണ്ട് 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും, റബ്ബർ മാർക്കിനും അനുവദിച്ചു നൽകുകയും, റബ്ബർ സംഭരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 304/2014/കൃഷി. തീയതി, 15-2-2014 പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ നൽകുന്ന കൈകാര്യച്ചെലവ് 9 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. 2015-16-ൽ റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതിനായി സ.ഉ. (എംഎസ്.) നമ്പർ 41/2015 തീയതി, 11-3-2015 പ്രകാരം കൃഷി വകുപ്പിന്റെ വില സ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം 1 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും, റബ്ബർ മാർക്കിനും അനുവദിച്ചു നൽകിയിട്ടുണ്ട്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്നു ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 20 ശതമാനമോ, കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്നത് ഉയർത്തിക്കൊണ്ട് 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്ക് കേന്ദ്രസർക്കാർ തീരുമാനമായിട്ടുണ്ട്.

**ചേലക്കര നിയോജകമണ്ഡലത്തിലെ നാളികേര ബയോപാർക്ക്**

**166 (1535)** <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പദ്ധതി തുക എത്രയാണെന്നും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(സി) പദ്ധതി പ്രവർത്തനം ആരംഭിക്കുവാനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ ;

(ഡി) പ്രസ്തുത കാലതാമസം ഒഴിവാക്കി പദ്ധതി പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) നാളികേര ബയോപാർക്കിനായിട്ടുള്ള പദ്ധതിയുടെ ഡിസൈനിംഗ് അടക്കമുള്ള നടപടികൾക്ക് കുറച്ചുകൂടി കാലതാമസം ഉണ്ടാകുന്നത് കൊണ്ടാണ് പദ്ധതി ആരംഭിക്കാൻ വൈകിയത്. എന്നാൽ, ആഗസ്റ്റ് മാസത്തിൽ പദ്ധതി പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

**ജൈവകൃഷി**

**167 (1536)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ജൈവകൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) അമിത രാസവളപ്രയോഗം നിയന്ത്രിക്കുന്നതിനും ജൈവവളം ഉപയോഗിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിനും എന്തെല്ലാം തനതു പരിപാടികൾ നടപ്പിലാക്കിവരുന്നു ; വിശദാംശം ലഭ്യമാക്കാമോ ;

(സി) കൃഷി ഭവനിലെ ഉദ്യോഗസ്ഥർ ഏതെല്ലാം രീതിയിലാണ് കർഷകരെ സഹായിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) രോഗങ്ങളിൽനിന്നും കീടങ്ങളിൽനിന്നും കാർഷിക വിളകളെ രക്ഷിക്കുന്നതിനായി കീടനാശിനിരഹിത സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിനായി കർഷകരെ ഏതെല്ലാം വിധത്തിലാണ് പ്രാപ്തരാക്കുന്നതെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കൃഷി ചെയ്തുവരുന്ന വിളകൾക്കും അവ കൃഷിചെയ്യുന്ന സ്ഥലത്തിനും ഊന്നൽ നല്കി ഘട്ടം ഘട്ടമായി കേരളത്തെ ഒരു സമ്പൂർണ്ണ ജൈവ

LIBRARY ARCHIVES Kerala Legislative Assembly